ഉത്തരം

(എ) ഉണ്ട്. കുളമ്പ് രോഗത്തിനല്ല. ഭ്രാന്തിപ്പശു രോഗവുമായി ബന്ധപ്പെട്ടാണ് ലഭിച്ചിട്ടുള്ളത്.

(ബി) വിപണനിയിൽ ഗുണമേൻമയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ അധീനതയിലുള്ള കേരള ഫീഡ്സ് ലിമിറ്റഡിന്റേയും മിൽമയുടെ കാലിത്തീറ്റ ഫാക്ടറിയുടേയും പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരള ഫീഡ്സ് ബി.ഐ.എസ്. മാനദണ്ഡമനുസരിച്ചാണ് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നത്. കൂടാതെ ഐ.എസ്.ഐ. സർട്ടിഫിക്കറ്റും ഐ.എസ്.ഒ. 9001-2002 സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. എന്നാൽ കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മൃഗസംരക്ഷണവകുപ്പിന് നിലവിൽ അധികാരമില്ല.

കയറുൽപ്പാദനത്തിനാവശ്യമായ തൊണ്ടിന്റെ ലഭ്യത

115 [1202] ശ്രീ. സി. മോയിൻകുട്ടി :

„ കളത്തിൽ അബ്ദുള്ള:

„ ചെർക്കളം അബ്ദുള്ള:

„ ഇസ്ഹാക്ക് കുരിക്കൾ:

„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നാളികേരത്തിന്റെ ഉൽപ്പാദനം കുറയുന്നതുമൂലം കയറുൽപ്പാദനത്തിന് ആവശ്യമായ തൊണ്ടിന്റെ ലഭ്യത കുറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

നാളികേരോൽപ്പാദനത്തിൽ വന്ന കുറവ് ഉൾപ്പെടെയുള്ള പല കാരണങ്ങളാൽ മൊത്തം നാളികേര ഉൽപ്പാദനത്തിന്റെ ഏതാണ്ട് 35 ശതമാനം മാത്രമേ ഇപ്പോൾ ചകിരി ഉൽപ്പാദനത്തിനായി ഉപയോഗിക്കപ്പെടുന്നുള്ളു.

റബ്ബർ മേഖലയിലെ ഗവേഷണം

116 [1205] ശ്രീ. കെ. സുധാകരൻ:

„ കെ. ബാബു:

„ ജോർജ് ജെ. മാത്യു:

„ കെ. സി. ജോസഫ്:

ശ്രീമതി. രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) അത്യുൽപ്പാദനശേഷിയുള്ള റബ്ബർ മരങ്ങൾ സൃഷ്ടിക്കുന്നതിന് നമ്മുടെ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്തെല്ലാം ഗവേഷണം നടത്തിയിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ കാർഷിക സർവ്വകലാശാലയ്ക്കും കൃഷി വകുപ്പിനും എന്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞു;

(സി) എരുമേലി ഒഴുക്കനാട് പുതുപ്പറമ്പിൽ ജോർജ് എന്ന കർഷകൻ അത്യുൽപ്പാദന ശേഷിയുള്ള ബി1 എന്ന റബ്ബർ വൃക്ഷം വികസിപ്പിച്ചെടുത്തിട്ടുണ്ടോ;

(ഡി) ഈ റബ്ബർ വൃക്ഷത്തിന് മറ്റെന്തെല്ലാം ഗുണങ്ങളുണ്ട്;

(ഇ) ഇത്തരം പ്രതിഭാസമ്പന്നരായ കർഷകരെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) അത്യുൽപ്പാദന ശേഷിയുള്ള റബ്ബർ മരങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധമായ ഗവേഷണങ്ങളും റബ്ബർ കർഷകർക്കായുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നത് റബ്ബർ ബോർഡാണ്.

(സി & ഡി) ഇക്കാര്യം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. ചരമോപചാരം

മുൻമന്ത്രിയും രാജ്യസഭാംഗവുമായിരുന്ന വി. വി. രാഘവൻ, മുൻ നിയമസഭാംഗങ്ങളായ വി. കേശവൻ, സി. കുഞ്ഞികൃഷ്ണൻ നായർ, സി പി. കുഞ്ഞാലിക്കുട്ടികേയി, എ. കണാരൻ, എ. കെ. അപ്പു, പ്രമുഖ ഗാന്ധിയനും കൊച്ചി, തിരു-കൊച്ചി നിയമസഭാംഗവുമായിരുന്ന വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എന്നിവരുടെ നിര്യാണം.

വി. വി. രാഘവന്റെ നിര്യാണം സമീപകാലത്ത് കേരള രാഷ്ട്രീയത്തിനുണ്ടായ തീരാനഷ്ടമാണ്. മികച്ച പാർലമെന്റേറിയൻ, സംഘാടകൻ, ഭരണാധികാരി, ഗ്രന്ഥകർത്താവ് എന്നീ നിലകളിൽ ഏതാണ്ട് ആറ് ദശാബ്ദകാലം രാഷ്ട്രീയ രംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്ന വി. വി. ഇനി ജ്വലിക്കുന്ന ഓർമ്മമാത്രം. സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ ആവേശഭരിതമായ ഒരു മുഹൂർത്തത്തിലാണ് വി. വി. രാഘവൻ രാഷ്ട്രീയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. ഉത്തരവാദ ഭരണത്തിനുവേണ്ടിയുള്ള കൊച്ചി രാജ്യ പ്രജാമണ്ഡലത്തിലെ പ്രക്ഷോഭണത്തിലൂടെ 1946-ൽ പൊതുരംഗത്ത് എത്തിയ അദ്ദേഹത്തിന്റെ ആദ്യ പ്രവർത്തന കളരി കേരള സോഷ്യലിസ്റ്റ് പാർട്ടിയായിരുന്നു. 1948 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും വളരെ വേഗം പ്രസ്ഥാനത്തിന്റെ സമുന്നത നേതൃനിരയിലേക്ക് ഉയരുകയും ചെയ്തു. ത്യാഗപൂർണ്ണമായ രാഷ്ട്രീയ ജീവിതത്തിനിടയിൽ പല തവണ ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

1948 മുതൽ ഒന്നര പതിറ്റാണ്ട് അദ്ദേഹം തൃശൂർ നഗരസഭാംഗമായി പ്രവർത്തിച്ചു. 1987-ലും 1991-ലും ചേർപ്പ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായി. 1987 മുതൽ 1991 വരെ ഇ. കെ. നായനാർ മന്ത്രിസഭയിൽ കൃഷി മന്ത്രിയായി.

LIBRARY ARCHIVES Kerala Legislative Assembly